# ലോകബാങ്കും അന്താരാഷ്ട്ര നാണ്യനിധിയും പിരിച്ചുവിടുന്നു

ദില്ലി ബ്യൂറോ

ലോകബാങ്കിൻെറയും അന്താരാഷ്ട്ര നാണ്യനിധിയുടേയും പ്രസക്തി മിക്കവാറും ഇല്ലാതാകുന്നു. പ്രഫസർ അലൻ മെൽറ്റ്സറുടെ നേതൃത്വത്തിൽ, അമേരിക്കൻ ധനശാസ്ത്രജ്ഞരുടെ സംഘമാണ് നാണ്യനിധിയുടേയും ലോകബാങ്കിൻെറയുംപ്രവർത്തനം പരിമിതപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. റിപ്പോർട്ടനുസരിച്ച് മറ്റ് അന്താരാഷ്ട്ര ബാങ്കുകളോടും വായ്പാ സംഘടനകളോടും ലോകബാങ്കും നാണ്യനിധിയും മത്സരിക്കേണ്ടിവരും. ആഗോളവൽക്കരണം അതിൻെറ വക്താക്കളെത്തന്നെ വിഴുങ്ങും.

1998ൽ അന്താരാഷ്ട്ര നാണ്യനിധിയിൽ മൂലധനനിക്ഷേപം 18 ബില്യൻ ഡോളർ വർദ്ധിപ്പിക്കാൻ അമേരിക്ക തീരുമാനിച്ചു. അതിൻെറ ഭാഗമായി നാണ്യനിധിയെക്കുറിച്ചും ലോകബാങ്കിനെക്കുറിച്ചും പഠിക്കാൻ മെൽറ്റ്സർ കമ്മറ്റി നിയോഗിക്കപ്പെടുകയും ചെയ്തു. വളരെ വിവാദമുയർത്തുന്ന മെൽറ്റ്സർ റിപ്പോർട്ട് നടപ്പാക്കാൻ അമേരിക്ക തീരുമാനിച്ചാൽ ലോകബാങ്കും നാണ്യനിധിയും വെറും കടലാസ് സംഘടനകൾ മാത്രമായിത്തീരും. റിപ്പോർട്ട് നടപ്പാക്കേണ്ടത് അമേരിക്കൻ വാണിജ്യ സംഘടനകളുടേയും ബാങ്കിങ് സംവിധാനങ്ങളുടേയും ആവശ്യമാണ്.

അന്താരാഷ്ട്ര നാണ്യനിധി അതിൻെറ എല്ലാ 'സ്ട്രക്ചറൽ അഡ്ജസ്റ്റ്മെൻറ്' വായ്പകളും നിർത്തിവെയ്ക്കണമെന്നാണ് കമ്മറ്റി നിർദ്ദേശം. 'ദാരിദ്ര നിർമ്മാർജ്ജനത്തിനും വികസനത്തിനു'മായുള്ള പുതിയ വായ്പകളും ഉപേക്ഷിക്കാൻ കമ്മറ്റി നിർദ്ദേശിക്കുന്നുണ്ട്. വായ്പ കൊടുക്കേണ്ട എന്നല്ല നിർദ്ദേശം. മറിച്ച് മുന്നുപാധികളില്ലാതെ, മറ്റ് ബാങ്കുകൾ നൽകുന്നപോലെ വായ്പകൾ നൽകാനും, അതിന് കൂടിയ നിരക്കിൽ പലിശ വാങ്ങാനുമാണ് കമ്മറ്റി പറയുന്നത്. മറ്റ് അന്താരാഷ്ട്ര വായ്പാ സംഘങ്ങളേയും നാണ്യനിധിയോടൊപ്പം വായ്പ നൽകലിൽ മത്സരിക്കാനനുവദിക്കുകയും വേണം.

നാണ്യനിധിക്ക് അങ്ങനെ താൽക്കാലിക വായ്പാ പദ്ധതികൾ മാത്രമേയുള്ളു എങ്കിൽ വായ്പാ തോത് ഗണ്യമായി കുറയും. നാണ്യനിധിക്ക് രാജ്യത്തെ സാമ്പത്തിക പ്രവർത്തനത്തിലുള്ള നിയന്ത്രണവും കുറയും എന്നുകരുതി സന്തോഷിക്കേണ്ട. സാധാരണ വായ്പാ നിരക്കുകളിലേക്കും, പലിശ സമ്പ്രദായത്തിലേക്കും നീങ്ങുമ്പോൾ, വായ്പയെടുക്കുന്ന രാജ്യങ്ങളുടെ സ്ഥിതി കൂടുതൽ പരിതാപകരമാവും. ഒരിനം ബ്ലേഡ് നിരക്കിലുള്ള പലിശയാവും ഇവർ ഈടാക്കുക. 1991ൽ ഇന്ത്യയ്ക്ക് വിദേശനാണ്യക്കമ്മി അനുഭവപ്പെട്ടപ്പോൾ കനത്ത പലിശനൽകി വായ്പയെടുക്കേണ്ടിവന്നു. ഇന്ത്യയുടെ സമ്പദ്ഘടനയെയാകെ തറുമാറാക്കിയ വായ്പയായിരുന്നു ഇത്. മിക്കവാറും ഇത്തരത്തിലുള്ള വായ്പയാവും ഇനിമുതൽ 'നാണ്യനിധി' കളിൽ നിന്നും കിട്ടുക.

നാണ്യനിധി അതിൻെറ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ പരാജയപ്പെട്ടുവെന്ന് റിപ്പോർട്ട് പറയുന്നു. പലവായ്പകളും പ്രാദേശിക അസമത്വം വർദ്ധിപ്പിക്കുകയും സമ്പദ്ഘടനയെ തറുമാറാക്കുകയുമാണ് ചെയ്തിട്ടുള്ളത്. നാണ്യ നിധി ഹ്രസ്വകാല വായ്പ മാത്രം നൽകിയാൽ മതി എന്നാണ് അമേരിക്കൻ ട്രഷറി സെക്രട്ടറി ലോറൻസ് സുമ്മേഴ്സും അഭിപ്രായപെടുന്നത്.

ലോകബാങ്കിൻെറ പ്രവർത്തനം ഇതിലേറെ പരിമിതപ്പെടുത്താനാണ് നിർദ്ദേശം. മറ്റ് ബാങ്കുകൾ വഴി വായ്പാ സൗകര്യങ്ങൾ കൂടുതൽ ലഭ്യമായതോടെ, ലോക ബാങ്ക് പദ്ധതികൾ പലതും പരാജയമായി. ആളോഹരി വരുമാനം നാലായിരം ഡോളറിലേറെയുള്ള രാജ്യങ്ങൾക്ക് ലോകബാങ്ക് വായ്പനൽകേണ്ടതില്ല എന്നും, രണ്ടായിരത്തഞ്ഞൂറിൽ മേലെയുള്ളവർക്ക് ലോകബാങ്ക് പരിമിതമായേ വായ്പ നൽകേണ്ടതുള്ളു എന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു. എയ്ഡ്സ് ചികിത്സയും പ്രതിരോധവും, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവക്കാണ് മുൻതൂക്കം നൽകേണ്ടത്. സർക്കാർ മുഖേനയുള്ള വായ്പാ പദ്ധതികൾ നിർത്തുകയും, പകരം മേഖലാ ബാങ്കുകൾ വഴി വായ്പ നേരിട്ട് വിതരണം ചെയ്യുകയും വേണം. അതായത്, 17,000ത്തോളം വരുന്ന ലോകബാങ്ക് ജീവനക്കാർ തൊഴിൽ രഹിതരാകും എന്നർത്ഥം.

ലോകബാങ്കിൻെറയും നാണ്യനിധിയുടേയും പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുക കമ്മറ്റി നിർദ്ദേശിക്കുംപോലെ എളുപ്പമല്ല. വായ്പാ സംവിധാനങ്ങൾ എന്നതിലുപരി ഇവ രാഷ്ട്രീയ സംവിധാനങ്ങളാണ്. ധനസംബന്ധിയായ താല്പര്യത്തിലുപരി പല രാഷ്ട്രങ്ങൾക്കും ഈ സംഘടനകളിൽ താല്പര്യമുണ്ട്. അംഗരാഷ്ട്രങ്ങൾ സമ്മതിച്ചാലേ നാണ്യനിധിയുടേയും ബാങ്കിൻെറയും പ്രവർത്തനങ്ങളിൽ മാറ്റം സാധ്യമാവൂ.

അതേസമയം, ആഗോളവൽക്കരണം പൂർത്തിയായി വരുന്നതോടെ, അതിൻെറ 'മുന്നോടി' സംഘടനകൾക്ക് നിഷ്ക്രിയമാകാനുള്ള സമയമായി. ആഗോളവൽക്കരണം പൂർണ്ണതയിലെത്താൻ ഇപ്പോൾ ഈ സംവിധാനങ്ങൾ തടസ്സമാവുകയാണ്. ലോക ബാങ്കിൻെറയും നാണ്യനിധിയുടേയും പ്രവർത്തനം മറ്റ് ആഗോള ബാങ്കുകൾക്കും വായ്പാ സംവിധാനങ്ങൾക്കും വികസ്വര രാഷ്ട്രങ്ങളിലെ പ്രവർത്തനങ്ങൾക്ക് പരിമിതി സൃഷ്ടിക്കുന്നു. അമേരിക്കയിലെ ധനകാര്യ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം, ഈ സ്ഥാപനങ്ങൾ ഇനി ഒഴിവാക്കപ്പെട്ട തീരൂ. ഇതോടെ അമേരിക്കൻ സാമ്പത്തിക കുത്തകകളുടെ പൂർണ്ണ കൈവശത്തിലാവും ലോക സമ്പദ്വ്യവസ്ഥ. രാജ്യങ്ങൾക്കും, അവിടത്തെ രാഷ്ട്രീയ സംവിധാനങ്ങൾക്കും അതോടെ പ്രസക്തിയില്ലാതാവും. സാമ്പത്തിക അസമത്വം വർദ്ധിക്കാനും ഇത് ഇടയാക്കും. അതിനാൽ യൂറോപ്യൻ രാജ്യങ്ങളും മറ്റും നാണ്യനിധി- ലോകബാങ്ക് സംവിധാനങ്ങൾ ഇല്ലാതാക്കാൻ സമ്മതിക്കുമെന്ന് കരുതുക വയ്യ. ഈ സംവിധാനങ്ങൾ ലോക സമ്പദ് വ്യവസ്ഥയിൽനിന്ന് നിഷ്ക്രമിക്കുക കൂടുതൽ ക്രൂരവും ചൂഷണ സാധ്യതയുള്ളതുമായ സംവിധാനങ്ങൾക്ക് വഴിമാറിക്കൊടുത്തു കൊണ്ടാവും.